GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

04-06-2021

# കാർഷികവാർത്തകൾ

1. **വീട്ടുപടിക്കൽ വിത്ത്**

കൃഷിക്കാവശ്യമായ നല്ലയിനം വിത്തുകൾ സ്പീഡ് പോസ്റ്റ് വഴി നൽകുവാനുള്ള പദ്ധതിയുമായി ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾചറൽ റിസർചിന്റെ (ICAR) ബെംഗളൂരുവിലെ ഗവേഷണ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾചറൽ റിസർച്ച്(ഐ ഐ എച്ച് ആർ). ഐ ഐ എച്ച് ആറി ന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.iihr.res.in സന്ദർശിച്ച് അതിലുള്ള 'സീഡ് പോർട്ടലിലൂടെ' ഓൺലൈനായി പണമടയ്ക്കുന്നവർക്ക് സ്പീഡ് പോസ്റ്റ് വഴി ഇന്ത്യയിലെവിടെയാണെങ്കിലും വിത്തുകൾ എത്തിക്കുന്നതിനുള്ള സൌകര്യം ചെയ്തിട്ടുണ്ടെന്ന് ഐഐഎച്ച്ആർ പച്ചക്കറിവിള വിഭാഗം പ്രിൻസിപ്പൽ സയന്റിസ്റ്റ് എച്ച്.എസ്. യോഗീശ അറിയിച്ചു.

2. **ടെലിവെറ്ററിനറി സംവിധാനം**

നാളികേര കൃഷി സംബന്ധിച്ച് സംശയങ്ങൾ നിവാരണത്തിനായി ബാലരാമപുരം നാളികേ ഗവേഷണ കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്. വിളിക്കേണ്ട നമ്പറുകൾ ഇനി പറയുന്നു.

9446283898/9446540856/ 9995447195

**ഓൺലൈൻ പരിശീലനങ്ങൾ**

3. കേരള വെറ്ററിനറി സർവകലാശാല 'മൃഗസംരക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന കർഷകോൻമുഖവിദഗ്ധഭാഷണ പരമ്പരയിൽ ഇന്ന് (04-06-2021 ന്) വൈകിട്ട് 5.00 മണിക്ക് 'പശുക്കളിലെ പ്രത്യുല്പാദനം- കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ' എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തി സർവകലാശാല പ്രൊഫസർ ഡോ സി ജയകുമാറിന്റെ ആമുഖഭാഷണവും തുടർന്ന് അസിസ്റ്റന്റ് പ്രൊഫസർ ഡോ മാഗ്നസ് പോളിന്റെ പ്രഭാഷണവും ഉണ്ടായിരിക്കുന്നതാണ്. കർഷകർക്ക് സംശയദൂരീകരണത്തിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾക്കായി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ് – **9446625160 / 9895213500**

4. ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് മൂന്നു ദിവസത്തെ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനം ജൂൺ 09 മുതൽ 11 വരെ നടത്തും. പരിശീലനസമയം എല്ലാ ദിവസവും രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 0481-2353127 എന്ന ഫോൺ നമ്പറിലും 04812353201 എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

5. **തിരുവനന്തപുരം വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്നും** ഇന്ന് (ജൂൺ മാസം നാലാം തീയതി) വൈകിട്ട് ഏഴ് മണിക്ക് 'കൃഷിച്ചിലവ് നിയന്ത്രിക്കാൻ കാർഷിക യന്ത്രവൽക്കരണം' എന്ന വിഷയത്തിൽ ശ്രീമതി ജി ചിത്ര ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446911451** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രം മൃഗ സംരക്ഷണ മേഖലയിൽ കർഷകർക്കൊരു കൈത്താങ്ങായി ഇന്ന് (ജൂൺ 4 ന്) വീട്ടുമുറ്റത്തെ മുട്ടക്കോഴി വളർത്തൽ എന്ന വിഷയങ്ങളിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി **9446157139** / **9400483754** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. മലമ്പുഴ ലൈവ്സ്റ്റോക്ക് മാനേജ്മെൻറ് പരിശീലന കേന്ദ്രത്തിൽ **നാളെ (05.06.2021)** രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ 'പോത്ത് വളർത്തൽ' എന്ന വിഷയത്തിൽ ഓൺലൈൻ ട്രെയിനിംഗ് സംഘടിപ്പിച്ചിരിക്കുന്നു. സൗജന്യമായി നൽകുന്ന ഈ ട്രെയിനിങ്ങിനെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് **9188522713** എന്ന വാട്സ് ആപ്പ് നമ്പരിൽ ബന്ധപ്പെടുക.

8. **നാളികേര കർഷകരുടെ ശ്രദ്ധയ്ക്ക്**

കാലവർഷത്തിനു മുന്നോടിയായുള്ള വേനൽമഴ ആവശ്യത്തിന് ലഭിക്കുകയും കാലവർഷം നേരത്തെ ആരംഭിക്കുകയും ചെയ്താൽ മഴയെ മാത്രം ആശ്രയിക്കുന്ന തോട്ടങ്ങളിലെ തെങ്ങുകൾക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ശുപാർശ ചെയ്തിരിക്കുന്ന രാസവളത്തിന്റെ മൂന്നിലൊന്ന് മെയ് മാസം അവസാനത്തോടെ തടത്തിൽ ചേർത്ത് കൊടുക്കാവുന്നതാണ്. പക്ഷേ മഴ തുടർച്ചയായി ലഭിക്കുന്ന സാഹചര്യത്തിൽ മഴ കുറയുന്നത് വരെ തെങ്ങുകളിൽ വള പ്രയോഗം നടത്താൻ പാടില്ല .

- തെങ്ങുകളിൽ കൂമ്പ് ചീയൽ രോഗം ബാധിക്കാൻ ഏറ്റവും അനുയോജ്യമായ സാഹചര്യമാണ് നിലനിൽക്കുന്നത് .മഴ കുറഞ്ഞുടനെ തന്നെ ഇനി പറയുന്ന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്
- തെങ്ങുകളുടെ മണ്ട കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുക.
- 1% വീര്യമുള്ള ബോർഡോ മിശ്രിതം നാമ്പോലയിലും ചുറ്റുമുള്ള ഓലകളിലും തളിക്കുക
- സുഷിരങ്ങൾ ഇട്ട പോളിത്തീൻ പായ്ക്കറ്റുകളിൽ 5 ഗ്രാം മാൻകോസീബ് എന്ന കുമിൾനാശിനി നാമ്പോലക്ക് തൊട്ട് താഴെയുള്ള 2-3 ഓല കവിളുകളിൽ വയ്ക്കുക.
- അഥവാ രോഗബാധ ഉണ്ടെങ്കിൽ നാമ്പോലയുടെ അഴുകിയ ഭാഗം മൂർച്ചയുള്ള കത്തി കൊണ്ട് മുറിച്ച മാറ്റി വൃത്തിയാക്കിയ ശേഷം അവിടെ 10% വീര്യമുള്ള ബോർഡോ കുഴമ്പ് പുരട്ടുകഈ ഭാഗം . അടുത്ത പുതു നാമ്പ് ഉണ്ടാകുന്നത് വരെ പോളിത്തീൻ ഷീറ്റ് കൊണ്ട് പൊതിഞ്ഞു മഴവെള്ളം കയറാതെ സൂക്ഷിക്കണം.